# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4464** | **22.07.2015-ൽ മറുപടിക്ക്**

**ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തീവെച്ച് നശിപ്പിച്ച സംഭവം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ചെർക്കളയിൽ സ്ത്രീകൾ മാത്രം ജോലി ചെയ്തു വരുന്ന ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തുടർച്ചയായി തീവെച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) തുടർച്ചയായി തീവെച്ച് നശിപ്പിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു പ്രാവശ്യം തീവെച്ച് നശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 04.03.2015 തീയതി 18.00 മണിക്കും, 05.03.2015 തീയതി 08.00 മണിക്കും ഇടയിലുള്ള ഏതോ സമയം 3 പ്രതികൾ ചേർന്ന് തീവെച്ച് നശിപ്പിച്ചതായി വെളിവായിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരെക്കെയാണ് ഈ കേസിലെ പ്രതികൾ എന്നും അറിയിക്കുമോ; | (ബി) ഇത് സംബന്ധിച്ച് വിദ്യാനഗർ പോലീസ് സ്റ്റേഷൻ Cr.No. 102/15 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ എ1- മുഹമ്മദ് റാഷിദ് @ റാഷിദ്, S/o. അബ്ദുള്ള, എ2 - സലാഹുദ്ദീൻ, S/o. സി.പി. അബ്ദുള്ള, എ3 - അബ്ദുൾ ആഷിർ @ ആഷിർ, S/o. അസൈനാർ. |
| (സി) ഈ കേസ്സുകളിൽ ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേരെ പിടികിട്ടാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ടി കേസിലെ രണ്ടും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. |
| (ഡി) ഈ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ അവരുടെ പോഷക-സംഘടനകളുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) ഒന്നാം പ്രതി കോൺഗ്രസ് അനുഭാവിയും, രണ്ടും മൂന്നും പ്രതികൾ ലീഗ് അനുഭാവികളുമാണ്. |
| (ഇ) പ്രസ്തുത സ്ഥാപനം തീവെച്ച് നശിപ്പിക്കാനുള്ള പ്രതികളുടെ ഗൂഢോദ്ദേശം എന്താണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഇ) വെളിവായിട്ടില്ല. അന്വേഷണം പൂർത്തിയായാൽ മാത്രമെ ഇക്കാര്യങ്ങൾ വെളിവാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ